# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന്, ജോർജ് ടൗണിൽ ഗയാന പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi will address the Parliament of Guyana at Georgetown today.**

2) മത്സ്യബന്ധന മേഖലയിലെ സുസ്ഥിര വളർച്ച ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞബദ്ധമാണെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്.

**Union Minister Rajiv Ranjan Singh says the government is committed to ensuring sustainable growth in the fisheries sector.**

3) ഇന്ത്യയുടെ കയറ്റുമതിമേഖല മികച്ച നിലയിലാണ് മുന്നേറുന്നതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

**Reserve Bank of India says India's export sector is in a brighter path.**

4) വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ നേരിടുന്നതിനുള്ള അടിയന്തരസഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെൻറംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan urges Kerala MPs to stand united to get emergency assistance from the Centre to deal with the Wayanad landslide disaster.**

5) ചൈന മാസ്റ്റേഴ്സ് ബാഡ്മിൻ്റൺ ടൂർണമെന്റിൻറെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടറിൽ കടന്നു.

**In the China Masters 2024 Badminton, Indian star shuttler Lakshya Sen has entered the Men's Singles quarterfinal.**

**&&&&&&&&&&&&&&&&&&**

## HEAD LINE – 1

## REV DAY PM GUYANA

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജോർജ് ടൗണിൽ ഗയാന പാർലമെൻ്റിൻറെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഗയാനയിലെയും കരീബിയൻ മേഖലയിലെയും പ്രമുഖ ക്രിക്കറ്റ് താരങ്ങളുമായും അദ്ദേഹം സംവദിക്കും. ഗയാനയിലെ ഇന്ത്യൻ സമൂഹത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി നൈജീരിയ ബ്രസീൽ എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് ശ്രീ.മോദി ഗയാനയിൽ എത്തിയത്. വിദേശ രാജ്യങ്ങളുടെ പാർലമെൻ്റിൽ ഇന്ത്യൻ ജനതയ്ക്കായി ശ്രീ മോദി പങ്കെടുക്കുന്ന 14-ാമത്തെ പരിപാടിയാണിത്. ഏറ്റവും കൂടുതൽ വിദേശ പാർലമെൻ്റുകളെ അഭിസംബോധന ചെയ്ത ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം.

&&&&&&&&&&&&&&&&&&

## REV. PM-GUYANA

ഗയാനയുടെ പരമോന്നത ദേശീയ ബഹുമതിയായ ഓർഡർ ഓഫ് എക്സലൻസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ദർശനപരമായ രാഷ്ട്രതന്ത്രം, ആഗോള വേദികളിൽ വികസ്വര രാജ്യങ്ങളുടെ അവകാശങ്ങൾക്കായി സ്വീകരിച്ച നിലപാട് , ഇന്ത്യ-ഗയാന ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത എന്നിവ പരിഗണിച്ചാണ് പുരസ്കാരം. ഗയാനയിലെ സ്റ്റേറ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഗയാന പ്രസിഡന്റ് മുഹമ്മദ് ഇർഫാൻ അലിയാണ് പുരസ്കാരം സമ്മാനിച്ചത്. നേരത്തെ കോമൺവെൽത്ത് ഓഫ് ഡൊമനിക്കയുടെ പരമോന്നത ബഹുമതിയും പ്രധാനമന്ത്രിക്ക് സമ്മാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## REV HYDERABAD - PREZ VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഹൈദരാബാദിലെത്തി. ഒരു സ്വകാര്യ ചാനൽ സംഘടിപ്പിക്കുന്ന 'കോടി ദീപോത്സവം' പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ രാവിലെ നാലാമത് അന്താരാഷ്ട്ര സാംസ്കാരികോത്സവമായ 'ലോക് മന്ഥൻ' രാഷ്ട്രപതി മുർമു

ഔപചാരികമായി ഉദ്ഘാടനം ചെയ്യും.2016-ൽ ആരംഭിച്ച ലോക് മന്ഥൻ രാജ്യത്തിൻറെ തെക്കൻ മേഖലയിൽ ആദ്യമായാണ് നടക്കുന്നത് .12 രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, സാംസ്കാരിക പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുക്കും .

&&&&&&&&&&&&&&&&&&

## HEAD LINE – 2

## RAJIV-WORLD FISHERIES DAY

മത്സ്യബന്ധന മേഖലയിലെ സുസ്ഥിര വളർച്ച ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞബദ്ധമാണെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് . 2024ലെ ലോക മത്സ്യദിനത്തെ ന്യൂഡൽഹിയിൽ അഭിസംബോധനം ചെയ്യുകയായിരുന്നു മന്ത്രി. രാജ്യത്തെ മത്സ്യോത്പാദനത്തിൽ, സമുദ്ര മത്സ്യബന്ധനത്തേക്കാൾ കൂടുതൽ പങ്ക് വഹിക്കുന്നത് ഉൾനാടൻ മത്സ്യബന്ധനമാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## BIHAR – MANDAVIYA (INTRO)

ഇന്ത്യയെ ലോകത്തിലെ ഏറ്റവും മികച്ച രാജ്യമാക്കാനുള്ള കാഴ്ചപ്പാട് നടപ്പിലാക്കുന്നതിനായി രാജ്യത്ത് സമഗ്രമായ കായിക നയം രൂപീകരിക്കാനുള്ള പ്രവർത്തനം നടന്നുവരികയാണെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ . പട്നയിൽ നടന്ന ചടങ്ങിൽ ബിഹാറിലെ കായിക താരങ്ങളെ അഭിസംബോധന ചെയ്യവേ പാർലമെൻ്റിൽ ഉടൻ ഒരു സമഗ്ര കായിക ബിൽ കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു.

**(വോയിസ്)**

കായിക മേഖലയിലെ മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഇതിലൂടെ സാധിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. 2036 ൽ ഇന്ത്യ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുമെന്നും മികച്ച പ്രകടനം നടത്തുന്നവരുടെ പട്ടികയിൽ ആദ്യ പത്തിൽ ഇടം നേടാനാണ് രാജ്യം ലക്ഷ്യമിടുന്നതെന്നും ഡോ. മാണ്ഡവ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## INDIA'S EXPORT -RBI

ഇന്ത്യയുടെ കയറ്റുമതിമേഖല ശോഭനമായ ദിശയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. അമൂല്യമായ രത്നങ്ങൾ കയറ്റുമതിചെയ്യുന്നതിൽ ഏറ്റവും മുൻപിലാണ് ഇന്ത്യ. നിലവിൽ പെട്രോളിയം ഉൽപന്നങ്ങളിലെ ആഗോള വിപണി വിഹിതത്തിൻ്റെ 13 ശതമാനം ഇന്ത്യയിലാണെന്നും ആർബിഐ റിപ്പോർട്ടിൽ പറയുന്നു. നിരവധി ഇനങ്ങളുടെ കയറ്റുമതി നിയന്ത്രണങ്ങൾ നീക്കിയത് മേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് കരണമായതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു .

&&&&&&&&&&&&&&&&&

## RAJNATH LAOS

സങ്കീർണ്ണമായ അന്താരാഷ്ട്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യ എല്ലായ്പ്പോഴും ഉചിതമായ നിലപാട് സ്വീകരിക്കുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. രാഷ്ട്രങ്ങൾ പരസ്പര കാഴ്ചപ്പാടുകളെ മാനിക്കുകയും ക്രിയാത്മകമായി ഇടപഴകുകയും ചെയ്യുമ്പോൾ മാത്രമേ ആഗോള പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ കണ്ടെത്താകൂവെന്നും അദ്ദേഹം പറഞ്ഞു. ലാവോസിലെ വിയൻറിയാനിൽ 11-ാമത് ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

## RAJNATH MEETINGS

വ്യാവസായിക നവീകരണം, മെച്ചപ്പെട്ട പ്രവർത്തന ഏകോപനം, തുടങ്ങിയവയെ അടിസ്ഥാനമാക്കി ഇന്ത്യ- യു എസ് പ്രതിരോധ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതിയെ രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗും യു എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനും അഭിനന്ദിച്ചു. യുഎസ്-ഇന്ത്യ പ്രതിരോധ വ്യാവസായിക സഹകരണ പ്രവർത്തന മാർഗ്ഗരേഖയ്ക്ക് കീഴിൽ ജെറ്റ് എഞ്ചിനുകൾ, യുദ്ധോപകരണങ്ങൾ എന്നിവയിൽ ഉൾപ്പെടെ, ഇരു രാജ്യങ്ങളും കൈവരിച്ച ശ്രദ്ധേയമായ പുരോഗതി അഭിനന്ദനീയമാണെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ

അറിയിച്ചു. ലാവോസിലെ ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൻറെ പശ്ചാത്തലത്തിലാണ് ഇരു നേതാക്കളും കൂടിക്കാഴ്ച നടത്തിയത്.

&&&&&&&&&&&&&&&&&&

## EPFO- UAN

ജീവനക്കാർക്ക് ആധാർ അധിഷ്ഠിത യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ ഉറപ്പാക്കാൻ, എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് ഓർഗനൈസേഷൻ, EPFO ക്ക് സർക്കാരിൻറെ നിർദേശം. 2024-25 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച എംപ്ലോയ്മെൻ്റ് ലിങ്ക്ഡ് ഇൻസെൻ്റീവ് സ്കീമിൽ നിന്ന് പരമാവധി തൊഴിൽദാതാക്കൾക്കും ജീവനക്കാർക്കും പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും കേന്ദ്ര തൊഴിൽ മന്ത്രാലയം ഇപിഎഫ്ഒ യോട് നിർദ്ദേശിച്ചു. ആധാർ അധിഷ്ഠിത യുഎ എൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഈ മാസം 30-നകം പൂർത്തിയാക്കണം.

&&&&&&&&&&&&&&&&&&

## GOYAL - FICCI AGM (INTRO)

ലോകത്തിൻ്റെ വളർച്ചയെ മുന്നോട്ട് നയിക്കുന്ന ചാലകശക്തിയായി ഇന്ത്യ മാറിയെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. വർഷങ്ങളായി ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യ നേടിയെടുത്ത വിശ്വാസമാണ് ഇതിന് കാരണമെന്നും ഇതിലൂടെ ഇന്ത്യൻ വ്യാപാര മേഖല ആഗോള മൂല്യ ശൃംഖലയുടെ ഭാഗമായെന്നും അദ്ദേഹം പറഞ്ഞു. ഫിക്കിയുടെ 97-ാമത് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഗോയൽ. വിവിധ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും സംരംഭങ്ങളും ഈ നേട്ടം കൈവരിക്കാൻ ഏറെ സഹായിച്ചെന്നും അദ്ദേഹം വ്യക്തമാക്കി. (വോയിസ്)

&&&&&&&&&&&&&&&&&&

## HEAD LINE – 4

### M Ps – MEETING

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ നേരിടുന്നതിനുള്ള അടിയന്തരസഹായം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെൻറംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാനത്തെ എംപിമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും, സംസ്ഥാനം സമർപ്പിച്ച മൊമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

### FUR. REV. BADMINTON – CHINA MASTERS

ചൈനയിലെ ഷെൻഷെനിൽ നടക്കുന്ന ചൈന മാസ്റ്റേഴ്സ് ബാഡ്മിൻ്റൺ ടൂർണമെന്റിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടറിൽ കടന്നു. പ്രീ-ക്വാർട്ടറിൽ ഡെന്മാർക്ക് താരത്തെ നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് ക്വാർട്ടറിൽ പ്രവേശിച്ചത്. ഇന്ന് നടന്ന വനിതാ ഡബിൾസ് രണ്ടാം റൗണ്ടിൽ ഇന്ത്യൻ ജോഡിയായ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം ചൈനീസ് താരങ്ങളോട് പരാജയപ്പെട്ടു . വനിതാ സിംഗിൾസിൽ പിവി സിന്ധുവും അനുപമ ഉപാധ്യായയും ക്വാർട്ടർ കാണാതെ പുറത്തായി.

&&&&&&&&&&&&&&&&&&

### BJP – CONGRESS

പ്രമുഖ ഇന്ത്യൻ വ്യവസായിക്കെതിരെ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട്, അമേരിക്ക കുറ്റം ചുമത്തിയ വിഷയത്തിൽ കേന്ദ്രസർക്കാരിനെ വിമർശിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സംഭവത്തിൽ സംയുക്ത

പാർലമെൻററി കാര്യ സമിതി അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ രാഹുൽഗാന്ധിയ്ക്കെതിരെ ശക്തമായ വിമർശനവുമായി ബിജെപി രംഗത്തെത്തിയിട്ടുണ്ട്. രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് ബിജെപി വക്താവ് സാബിത്ത് പത്ര പറഞ്ഞു.

&&&&&&&&&&&&&&&&&

## IFFI

ഗോവയിൽ നടക്കുന്ന ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ആദ്യ ദിനമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി നാൽപ്പതോളം സിനിമകൾ പ്രദർശിപ്പിക്കുന്നു. ഇന്ത്യൻ പനോരമ വിഭാഗത്തിൽ ഈ വർഷം 25 ഫീച്ചർ ഫിലിമുകളും 20 നോൺ ഫീച്ചർ ചിത്രങ്ങളുമാണ് പ്രദർശിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&

## SAJI CHERIYAN

മന്ത്രി സജി ചെറിയാൻറെ, ഭരണഘടനാ വിരുദ്ധ പരാമർശങ്ങൾ അടങ്ങിയ പ്രസംഗത്തിൽ, ഡിജിപിയുടെ മേൽനോട്ടത്തിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി . സംഭവത്തിൽ, അന്വേഷണ ഉദ്യോഗസ്ഥൻ തിരുവല്ല കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഹൈക്കോടതി തള്ളി. 2022 ജൂലൈ മൂന്നിന് പത്തനംതിട്ട മല്ലപ്പള്ളിയിലാണ് കേസിന് ആസ്പദമായ പ്രസംഗം നടന്നത്. താൻ കുറ്റക്കാരനാണെന്ന് കോടതി പറഞ്ഞിട്ടില്ലെന്നും കൂടുതൽ അന്വേഷണം നടത്തണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നും മന്ത്രി സജി ചെറിയാൻ പ്രതികരിച്ചു. സജി ചെറിയാനെ മന്ത്രിസഭയിൽ തിരിച്ചെടുത്ത നടപടി തെറ്റായിരുന്നു എന്നാണ് ഹൈക്കോടതി വിധിയിലൂടെ വ്യക്തമായതെന്നും, സജി ചെറിയാൻ ഉടൻ രാജിവയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

&&&&&&&&&&&&&&&&&

## ELECTION COUNTING

കേരളത്തിൽ വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും നടന്ന ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ മറ്റന്നാൾ നടക്കും. രാവിലെ എട്ടിന് ആരംഭിക്കുന്ന വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ ജില്ലയിൽ പുരോഗമിക്കുകയാണ്. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ നിന്ന് വോട്ടുകൾ എണ്ണിത്തുടങ്ങി മിനിറ്റുകൾക്കുള്ളിൽ ആദ്യ ഫലസൂചന പുറത്തുവരും. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ മണ്ഡലങ്ങളിലേയും ഉപതെരഞ്ഞെടുപ്പ് നടന്ന മറ്റ് ഇടങ്ങളിലേയും ഫലവും മറ്റന്നാൾ പുറത്തുവരും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&